പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **5314** — **02.07.2013** ൽ മറുപടിയ്ക്ക്

## രാജീവ് ഗാന്ധി ശിൽപ്പി സ്വാസ്ഥ്യ ബീമാ യോജന

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം. വി. ശ്രേയാംസ് കുമാർ | ശ്രീ. കുഞ്ഞാലിക്കുട്ടി (ബഹു. വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) കേന്ദ്ര സർക്കാരിന്റെ രാജീവ് ഗാന്ധി ശിൽപ്പി സ്വാസ്ഥ്യ ബീമാ യോജന സംസ്ഥാനത്ത് നിലവിലുണ്ടോ; വിശദമാക്കാമോ; | (എ) ഉണ്ട്. കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും ധനസഹായത്തോടു കൂടി കരകൗശല തൊഴിലാളികൾക്കായി രാജീവ് ഗാന്ധി ശിൽപ്പി സ്വാസ്ഥ്യബീമാ യോജന നടപ്പിലാക്കിയിട്ടുണ്ട്. കരകൗശല തൊഴിലാളികളുടെ കുടുംബത്തിന് 15,000/- രൂപ ഒരു വർഷം ആരോഗ്യ രക്ഷയ്ക്ക് ലഭിക്കുന്ന ഒരു പദ്ധതിയാണിത്. ഇതിൽ ഒരു വർഷത്തെ പ്രീമിയം തുക 736/- രൂപയാണ്. ഇതിൽ ജനറൽ വിഭാഗത്തിൽപ്പെടുന്ന തൊഴിലാളികൾ 150/- രൂപയും എസ്.സി/എസ്.റ്റി/ബി.പി.എൽ വിഭാഗത്തിൽപ്പെടുന്ന തൊഴിലാളികൾ 75/- രൂപയും വിഹിതമായി അടയ്ക്കേണ്ടതാണ്. ബാക്കി തുക സർക്കാർ വിഹിതമായി അടയ്ക്കുന്നു. ആരോഗ്യ രക്ഷയ്ക്കു പുറമേ അപകട മരണം, സ്ഥിരമായ അംഗവൈകല്യം എന്നിവയ്ക്ക് ഒരു ലക്ഷം രൂപ ഈ പദ്ധതിയിൽ അംഗങ്ങളായവർക്ക് ലഭിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | ഏതെല്ലാം വിഭാഗങ്ങളിൽ പെട്ടവരാണ് പ്രസ്തുത പദ്ധതിയിൽ അംഗങ്ങളായി വരുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | എ.പി.എൽ/ബി.പി.എൽ എന്നീ വിഭാഗങ്ങളിൽപ്പെട്ട കരകൗശല തൊഴിലാളികളാണ് പ്രസ്തുത പദ്ധതിയിൽ അംഗങ്ങളായി വരുന്നത്. |
| (സി) | കഴിഞ്ഞ വർഷങ്ങളിൽ പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും ഇനം തിരിച്ച് വെളിപ്പെടുത്തുമോ? | (സി) | 2010-11, 2011-12 സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 1.025 ലക്ഷം, 1.00 ലക്ഷം രൂപ കരകൗശല കോർപ്പറേഷന് പ്രസ്തുത പദ്ധതിയിൽ ചേരുന്ന കരകൗശല തൊഴിലാളികളുടെ വിഹിതം അടയ്ക്കുന്നതിലേയ്ക്കായി സർക്കാർ നൽകിയിട്ടുണ്ട്. ടി തുക കൊണ്ട് 2010-11, 2011-12, 2012-13 എന്നീ വർഷങ്ങളിൽ ആകെ 1788 കരകൗശല തൊഴിലാളികളുടെ വിഹിതം കരകൗശല വികസന കോർപ്പറേഷൻ അടച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന ഗവൺമെന്റിൽ നിന്നും ലഭിച്ച 87750 രൂപ ഉപയോഗിച്ച് സുരഭി എ.പി.എൽ/ബി.പി.എൽ വിഭാഗങ്ങളിൽപ്പെട്ട ആർട്ടിസാൻസിന് 2012-13 വർഷത്തിൽ ഈ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ